പതിനാലാം കേരള നിയമസഭ
പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*150** | **05.02.2019 ൽ മറുപടിയ്ക്ക്**

## വൈഗ കാർഷിക സമുന്നതി മേള

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. ഗീതാ ഗോപി<br>ശ്രീ.മുല്ലക്കര രത്നാകരൻ<br>ശ്രീ.ഇ.കെ.വിജയൻ<br>ശ്രീ.എൽദോ എബ്രഹാം | ശ്രീ. വി.എസ്. സുനിൽകുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) വൈഗ 2018 കാർഷിക സമുന്നതി മേള വിജയകരമായി സംഘടിപ്പിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത മേളയുടെ മുഖ്യ ആകർഷണങ്ങൾ എന്തൊക്കെയായിരുന്നെന്ന് വിശദമാക്കുമോ; | എ) വൈഗ – കൃഷി ഉന്നതി മേള തൃശ്ശൂർ തേക്കിൻകാട് മൈതാനിയിൽ 2018 ഡിസംബർ 27 മുതൽ 30 വരെ വളരെ വിജയകരമായി സംഘടിപ്പിച്ചു. ദേശീയ അന്തർദേശീയ പ്രഗത്ഭരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള കൃഷിയുടെയും കൃഷിഅനുബന്ധ മേഖലകളുടെയും സെമിനാറുകൾ, പ്രദർശനങ്ങൾ, പുതുസംരംഭങ്ങളിൽ വിജയം കൈവരിച്ച പ്രമുഖവ്യക്തികളുടെ അനുഭവങ്ങൾ പങ്കുവെയ്ക്കൽ, മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദനവും വിപണനവും സംബന്ധിച്ച നൂതന അറിവുകൾ പങ്കുവെയ്ക്കൽ, കാർഷിക മേഖലയുടെ സുസ്ഥിരമായ പ്രളയാനന്തര പുനർനിർമ്മാണത്തെക്കുറിച്ചുള്ള ചർച്ചകൾ എന്നിവ സംഘടിപ്പിച്ചു. |
| ബി) അന്താരാഷ്ട്ര തലത്തിലെ കാർഷിക സംരംഭങ്ങളെ കർഷകർക്ക് പരിചയപ്പെടുത്തുന്നതിന് മേളയിൽ സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | ബി) ഉണ്ട്. അന്താരാഷ്ട്ര തലത്തിലുള്ള കാർഷികസംരംഭങ്ങളെ കർഷകർക്ക് പരിചയപ്പെടുത്തുവാൻ മേളയിൽ സാധിച്ചിട്ടുണ്ട്. പ്രസ്തുത മേളയോടനുബന്ധിച്ച് സംഘടിപ്പിച്ച സെമിനാറുകളിൽ ഗൾഫ് നാടുകളിൽ മാംസ സംസ്കരണ വിപണന സാധ്യതകളെക്കുറിച്ച് ശ്രീ.ജമാലും, സസ്യജന്യ പ്രോട്ടീനുകളെക്കുറിച്ച് അമേരിക്കൻ ഐക്യനാടുകളിലെ ESSEN Foodies സ്ഥാപകനായ ഡോ.മാധവൻ അനിരുദ്ധനും, "പിൻവലിയുന്ന കാർഷിക മേഖലയിലെ പുനർനിർമ്മാണത്തെ" കുറിച്ച് വെസ്റ്റേൺ ആസ്ട്രേലിയയിലെ ഡോ.കടമ്പോട്ട് സിദ്ദിഖും വിശദവിവരങ്ങൾ പങ്കുവെച്ചു. ഇന്തോനേഷ്യയിലെ ഇന്റർനാഷണൽ കോക്കനട്ട് കമ്യൂണിറ്റിയിലെ അസിസ്റ്റന്റ് ഡയറക്ടറായ ഡോ.മൃദുല നാളികേര മൂല്യ വർധനവിന് |

ആഗോളതലത്തിലുള്ള പ്രവണതകളും വെല്ലുവിളികളും കർഷകർക്ക് വിശദീകരിച്ചു കൊടുത്തു.

സി) ഉല്പന്നങ്ങളുടെ സംഭരണം, കൃഷിക്കാരുടെ വരുമാനം വർദ്ധിപ്പിക്കൽ, കാർഷിക മേഖലയിലെ യന്ത്രവൽക്കരണം തുടങ്ങിയവയിൽ കാര്യക്ഷമമായ നിർദ്ദേശങ്ങൾ മുന്നോട്ട് വന്നിട്ടുണ്ടോ; വ്യക്തമാക്കുമോ;

സി) കൃഷി ഉല്പാദന മേഖലയിൽ കാർഷിക ഉല്പന്നങ്ങളുടെ വിലയിടിവ് തടയുന്നതിനു വേണ്ടി ഉല്പാദന സീസണിൽ അധിക ഉല്പാദനം നഷ്ടപ്പെടാതിരിക്കാൻ സംഭരണശേഷി വർദ്ധിപ്പിയ്ക്കുവാനുള്ള നടപടി സ്വീകരിക്കുവാനും FPO ശക്തിപ്പെടുത്തുവാനും നിർദ്ദേശങ്ങൾ മുന്നോട്ടുവന്നു.

ഉത്പന്നങ്ങൾക്ക് ന്യായമായ വില ഉറപ്പു വരുത്തുക, മാർക്കറ്റിങ്ങ് സംവിധാനങ്ങൾ കാര്യക്ഷമമാക്കുക, .ജൈവ കൃഷി രീതികളിലൂടെ ഉത്പാദന വർദ്ധനവ് സാധ്യമാക്കുക തുടങ്ങിയവയായിരുന്നു കർഷകരുടെ നിർദ്ദേശങ്ങൾ.

ഡി) കേരളത്തിന്റെ കാർഷിക ഉണർവിനും വികസനത്തിനും സഹായകരമായി മേളയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ എന്തൊക്കെയെന്ന് അറിയിക്കുമോ?

ഡി) കേരളത്തിന്റെ പുനരുജ്ജീവനത്തിന് ഗവേഷണ സ്ഥാപനങ്ങൾ, വകുപ്പുകൾ എന്നിവയുടെ വിവിധ പദ്ധതികളുടെ ശാസ്ത്രീയ ഏകോപനം ആവശ്യമാണെന്നും കർഷകരുടെ പാരമ്പര്യ അറിവുകൾക്ക് കൂടി മുൻഗണന നല്കേണ്ടതാണെന്നും കാർഷിക മേഖലയിലെ വിവര ശേഖരണം, വിവിധ ഫണ്ടുകളുടെ സംയോജനം എന്നിവ ആവശ്യമാണെന്നും, മാർക്കറ്റ് സ്റ്റഡിയും E market സംവിധാനവും കർഷകരുടെ ഉല്പന്നങ്ങൾ വിപണനം നടത്തുന്നതിന് സുതാര്യത ഉറപ്പുവരുത്തുവാൻ സഹായിക്കുന്നതാണെന്നും അഭിപ്രായം ഉയർന്നുവന്നു.

Maya P

**സെക്ഷൻ ഓഫീസർ.**